Syro Malabar Commission for Liturgy



# നോമ്പ് അഞ്ചാം തിങ്കൾ – ലൂക്കാ 18: 18–25

ധനികനായ ഒരു അധികാരിയും ഈശോയും തമ്മിലുള്ള സംഭാഷണമാണ് പ്രതിപാദ്യവിഷയം. നിത്യജീവനെക്കുറിച്ചുള്ള ബാലപാഠങ്ങൾ ഈശോയിൽനിന്നും അറിയുവാനാണ് അദ്ദേഹം ആഗ്രഹിക്കുന്നത്. ദൈവകല്പനകൾ പാലിക്കുന്നുവെങ്കിലും സമ്പത്തിനോടുള്ള അത്യാർത്തിയാണ് നിത്യജീവൻ നേടുന്നതിനു വിലങ്ങു തടിയായി നില്ക്കുന്നത്. നിത്യജീവൻ പ്രാപിക്കുവാനായി സമ്പത്തു മുഴുവൻ പാവങ്ങൾക്കുകൊടുത്തിട്ട് തന്നെ അനുഗമിക്കുവാനാണ് ഈശോ അവനോട് അവശ്യപ്പെടുന്നത്. പൂർണ്ണത പ്രാപിക്കുവാൻ എല്ലാവരും ആഗ്രഹിക്കുന്നുവെങ്കിലും ആ വഴിയിൽ ഏറ്റെടുക്കേണ്ടിവരുന്ന ത്യാഗങ്ങളും കുരിശുകളും പലരെയും പുറകോട്ടു വലിക്കുന്നു. സമ്പത്തുള്ളവർ ദൈവരാജ്യത്തിൽ പ്രവേശിക്കുക ദുഷ്കരമെന്ന് കേട്ട വിശുദ്ധർ തങ്ങളുടെ വസ്തുവകകളെല്ലാം കൈവെടിയുകയും ദരിദ്രർക്കു വിതരണം ചെയ്തുകൊണ്ട് സ്വർഗത്തിൽ അനശ്വരമായ സമ്പാദ്യം നേടുകയും ചെയ്തുവെന്ന് വി.ജോൺ ഡമഷീൻ പ്രസ്താവിക്കുന്നു.

**ആരാധനക്രമകമ്മീഷൻ**

**മൗണ്ട് സെന്റ് തോമസ്,കാക്കനാട്** **Read More:www.syromalabarliturgy.org**